(ഡി) *വിഭാഗം* *എണ്ണം*

സീനിയർ രസതന്ത്രം ടീച്ചർ

1. ഓപ്പൺ പ്രയോറിറ്റി 1
2. എസ്. സി. പ്രയോറിറ്റി 1

ജൂനിയർ രസതന്ത്രം ടീച്ചർ

1. ഓപ്പൺ പ്രയോറിറ്റി 4
2. ഇ.റ്റി.ബി. പ്രയോറിറ്റി 1
3. ഇ.റ്റി.ബി. നോൺ പ്രയോറിറ്റി 14
4. എസ്.സി. പ്രയോറിറ്റി 1
5. മുസ്ലീം പ്രയോറിറ്റി ഇല്ല
6. മുസ്ലീം നോൺ പ്രയോറിറ്റി 5
7. ധീവര നോൺ പ്രയോറിറ്റി 2
8. ഒ.ബി.സി. നോൺ പ്രയോറിറ്റി 5

## ശ്രീ. എൻ. പി. വിജയന്റെ മരണാനന്തര ആനുകൂല്യങ്ങളും ജോലിയും ലഭിക്കണമെന്ന ആവശ്യം

140 [904] ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ഐ.റ്റി.ഐ.-യിൽ സീനിയർ ഇൻസ്ട്രക്ടർ ആയിരുന്ന എൻ. പി. വിജയൻ വാഹന അപകടത്തിൽ മരിച്ച വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇദ്ദേഹത്തിന്റെ ഭാര്യ ബേബി ഗിരിജ, വിജയഗിരി, കോമശ്ശേരി പറമ്പ്, കാരന്തൂർ, കോഴിക്കോട് മരണാനന്തര ആനുകൂല്യങ്ങളും ജോലിയും ലഭിക്കുന്നതിനുള്ള അപേക്ഷ സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ ;

(സി) പ്രസ്തുത അപേക്ഷ പരിഗണിച്ച് ഏതൊക്കെ ആനുകൂല്യങ്ങളാണ് നൽകിയത് എന്ന് വെളിപ്പെടുത്താമോ ;

(ഡി) ഇവർക്ക് നൽകാൻ ബാക്കിയുള്ള ആനുകൂല്യങ്ങൾ എന്തൊക്കെ എന്നും ഇത് നൽകാത്തതിന്റെ കാരണം എന്താണെന്നും വ്യക്തമാക്കാമോ ;

(ഇ) ആശ്രിത നിയമനത്തിന് അവകാശിയായി പരിഗണിച്ചത് ആരെയാണെന്നും ഇവർക്ക് പരേതനുമായുള്ള ബന്ധം എന്താണെന്നും വെളിപ്പെടുത്താമോ ;

(എഫ്) ഇവർക്ക് ജോലി നൽകുന്നതിൽ വരുന്ന കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ ; ഇവർക്കർഹതപ്പെട്ട ആനുകൂല്യങ്ങളും ജോലിയും എന്ന് നൽകുമെന്ന് വെളിപ്പെടുത്താമോ ?

### ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) പെൻഷൻ സംബന്ധമായ എല്ലാ ആനുകൂല്യങ്ങളും നൽകിയിട്ടുണ്ട്. ആശ്രിത നിയമനത്തിനുള്ള അപേക്ഷയിൽ മതിയായ രേഖകളില്ലാതിരുന്നതിനാൽ അവ ലഭ്യമാക്കുന്നതിന് വകുപ്പദ്ധ്യക്ഷന് തിരിച്ചു നൽകിയിരിക്കുകയാണ്.

(ഡി) ആശ്രിത നിയമനത്തിന് സമർപ്പിച്ചിരുന്ന അപേക്ഷയോടൊപ്പം ഒറിജിനൽ അവകാശ സർട്ടിഫിക്കറ്റും മരണ സർട്ടിഫിക്കറ്റും ഹാജരാക്കാതിരുന്നതിനാൽ മേൽ നടപടി സ്വീകരിക്കാൻ സാധിച്ചിട്ടില്ല. ശ്രീ. വിജയന്റെ ജി.പി.എഫ്., എൽ.ഐ.സി., ഫാമിലി ബനിഫിറ്റ് സ്കീം എന്നീ ആനുകൂല്യങ്ങൾ നൽകുന്നതിന് കോഴിക്കോട് ഐ.ടി.ഐ.-യിൽ നടപടി എടുത്തുവരുന്നു.

(ഇ) പരേതനായ ശ്രീ. വിജയന്റെ ഭാര്യ ശ്രീമതി ബേബി ഗിരിജയാണ് ആശ്രിത നിയമനത്തിനായി അപേക്ഷ സമർപ്പിച്ചിട്ടുള്ളത്.

(എഫ്) ഇവർക്ക് ജോലി നൽകുന്നതിന് അപേക്ഷയോടൊപ്പം അവകാശ സർട്ടിഫിക്കറ്റിന്റെ ഒറിജിനലും മരണ സർട്ടിഫിക്കറ്റും ഹാജരാക്കാത്തതാണ് അപേക്ഷ പരിഗണിക്കുന്നതിനുള്ള കാലതാമസത്തിന് കാരണം.

## കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖാന്തിരം അനുവദിക്കുന്ന പെൻഷൻ

141 [905] ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) "കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡ്" മുഖാന്തിരം അനുവദിക്കുന്ന പെൻഷൻ തുകയെത്രയെന്ന് വെളിപ്പെടുത്താമോ ;

(ബി) പ്രസ്തുത ബോർഡ് കർഷകർക്ക് നൽകുന്ന ആനുകൂല്യങ്ങളുടെ വിശദവിവരം നൽകുമോ ;

(സി) കർഷകത്തൊഴിലാളികളുടെ പെൻഷൻ തുക വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ?

### ഉത്തരം

(എ) കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡ് വഴി പെൻഷൻ നൽകുന്നില്ല. എന്നാൽ തൊഴിൽ വകുപ്പ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി പ്രതിമാസം 120 രൂപ നിരക്കിൽ കർഷകത്തൊഴിലാളി പെൻഷൻ നൽകി വരുന്നുണ്ട്.

(ബി) കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും അംഗങ്ങൾക്ക് അധിവർഷാനുകൂല്യം, വിവാഹ ധനസഹായം, പ്രസവാനുകൂല്യം, ചികിത്സാ ധനസഹായം, മരണാനന്തര സഹായം, എസ്.എസ്.എൽ.സി. ക്യാഷ് അവാർഡ് എന്നിവ നൽകി വരുന്നു.

(സി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly